**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2433** **27-02-2023 - ൽ മറുപടിയ്ക്ക്**

**സിനിമാ ടിക്കറ്റുകൾക്ക് ഏർപ്പെടുത്തിയ നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സിനിമാ ടിക്കറ്റുകളിന്മേൽ വിനോദ നികുതി ഈടാക്കുന്നത് ഒഴിവാക്കിയിരുന്നോ; എങ്കിൽ ഒഴിവാക്കിയ വിനോദ നികുതി വീണ്ടും ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | 24/06/2017 തീയതിയിലെ സ.ഉ.(കൈ)നം.123/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ചരക്ക് സേവന നികുതി നിയമം നിലവിൽ വന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കി വരുന്ന വിനോദ നികുതി 2017 ജൂലൈ 1 മുതൽ ഒഴിവാക്കിയിരുന്നു. എന്നാൽ 10/06/2019 തീയതിയിലെ സ.ഉ.(കൈ)നം.63/2019/തസ്വഭവ ഉത്തരവ് പ്രകാരം 24/06/2017 തീയതിയിലെ സ.ഉ.(കൈ)നം.123/2017/തസ്വഭവ ഭേദഗതി ചെയ്ത് സിനിമ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഉത്തരവ് തീയതി മുതൽ ഈടാക്കാമെന്ന് വ്യവസ്ഥ ചെയ്തു. അതിനു ശേഷം 31/08/2019 തീയതിയിലെ സ.ഉ.(കൈ)നം.112/2019/തസ്വഭവ ഉത്തരവ് പ്രകാരം 10/06/2019-ലെ സ.ഉ.(കൈ)നം.63/2019/തസ്വഭവ ഉത്തരവ് ഭേദഗതി ചെയ്തു കൊണ്ട് 100 രൂപയിൽ കുറവുള്ള സിനിമ ടിക്കറ്റുകൾക്ക് 5% വിനോദ നികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദ നികുതിയും 01/09/2019 തീയതി മുതൽ ഈടാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | സിനിമാ ടിക്കറ്റുകളിന്മേൽ ജി.എസ്.ടി. ഏർപ്പെടുത്തിയിട്ടുള്ളതിനാൽ വിനോദ നികുതി ഈടാക്കുന്നതിനുള്ള തീരുമാനം പുന:പരിശോധിക്കുവാൻ തയ്യാറാകുമോ? | (ബി) | പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ